**File No. LSGD-DD2/90/2019-LSGD**

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - സമൃദ്ധം ഹരിതാഭം(വനിതാ ഇടവിള) പ്രോജക്ടിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

======================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.586/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി,09.03.2019**

======================================================================

പരാമർശം: 1.കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.58-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2018-19-ലെ വാർഷിക പദ്ധതിയിൽ 340 വനിതാ ഗ്രൂപ്പകൾക്ക് സൗജന്യമായി കിഴങ്ങ് വർഗ്ഗ വിത്തും സബ്സിഡിയിൽ ജൈവവളവും വിതരണം ചെയ്യാൻ 'സമൃദ്ധം ഹരിതാഭം (വനിതാ ഇടവിള കൃഷി)' എന്ന പദ്ധതി തയ്യാറാക്കുകയുണ്ടായി. സബ് സിഡി മാർഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമേ വിത്തും വളവും വിതരണം ചെയ്യുന്ന പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുകയുള്ളു എന്നതിനാൽ പദ്ധതി നടപ്പാക്കാൻ പ്രത്യേക അനുമതി നല്കണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ ഇരട്ടിപ്പുണ്ടാകാതെ ഗ്രാമപഞ്ചായത്ത് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിബന്ധനയോടെ പദ്ധതിയ്ക്ക് അനുവാദം നൽകാൻ 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'സമൃദ്ധം ഹരിതാഭം (വനിതാ ഇടവിള കൃഷി)' എന്ന പ്രോജക്ടിന് (പ്രോജക്ട് നം.78/2019) ഗുണഭോക്താക്കളിൽ ഇരട്ടിപ്പുണ്ടാകാതെ ഗ്രാമപഞ്ചായത്ത് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

File No. LSGD-DD2/90/2019-LSGD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**